# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3647- 23/8/2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കൃഷ്ണൻ കുട്ടി | ശ്രീ. ടി. എം. തോമസ് ഐസക്ക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### പതിനാലാം ധനകാര്യ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം സെൻട്രൽ ടാക്സിന്റെ 42 ശതമാനം 2016-2017ൽ സംസ്ഥാനങ്ങൾക്ക് കൈമാറിയതിൽ കേരളത്തിന് ലഭിച്ച തുക എത്രയാണെന്ന് അറിയിക്കാമോ; ഇത് എത്ര ഗഡുക്കൾ ആയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; | പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര നികുതി വിഹിതത്തിന്റെ 42 ശതമാനം 2016-17-ൽ സംസ്ഥാനങ്ങൾക്ക് കൈമാറിയതിൽ കേരളത്തിന് ലഭിച്ച തുക 15,225.02 കോടി രൂപയാണ്. 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ 12 മാസ ഗഡുക്കളായിട്ടാണ് ലഭിച്ചിട്ടുള്ളത്. |
| (ബി)<br>2016-2017ൽ സെൻട്രൽ ടാക്സിന്റെ 42 ശതമാനം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം ഇവ ചേർത്ത് മൊത്തം കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക എത്രയെന്ന വ്യക്തമാക്കാമോ ; | 2016-17ൽ കേന്ദ്ര നികുതി വിഹിതമായി 15225.02 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതമായി 5832.60 കോടി രൂപയും (RE പ്രകാരമുള്ള കണക്ക്) ചേർത്ത് ആകെ 21057.62 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി)<br>2014-2015, 2015-2016 വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, സെൻട്രൽ ടാക്സിന്റെ വിഹിതം ഇവ ചേർത്ത് മൊത്തം കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക എത്രയെന്നു വ്യക്തമാക്കാമോ? | 2014-15, 2015-16 എന്നീ വർഷങ്ങളിലെ കേന്ദ്ര നികുതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു: |

(രൂപ കോടിയിൽ)

| വർഷം | കേന്ദ്ര നികുതി വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം | ആകെ |
|---|---|---|---|
| 2014-15 | 7926.29 | 3916.87 | 11843.16 |
| 2015-16 | 12690.67 | 3558.00 | 16248.67 |

Seena

സെക്ഷൻ ഓഫീസർ